**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2349** **27-02-2023 - ൽ മറുപടിയ്ക്ക്**

**കടമെടുപ്പ് വായ്പാപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി 2017ന് മുമ്പുള്ള സ്ഥിതിയിലേക്ക് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്രധനകാര്യകമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. Fiscal Responsibility and Budget Management (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ പരമാവധി കടമെടുപ്പ് പരിധി 4 ശതമാനമാണ്. ഇതിൽ 0.5% ഊർജ്ജമേഖലയിൽ കൈവരിക്കേണ്ട നേട്ടങ്ങൾക്കുള്ളതാണ്.<br><br>കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജിഎസ്ഡിപിയുടെ 3 ശതമാനം എന്ന വായ്പാപരിധിയ്ക്ക് പുറമേ യഥാക്രമം 2 ഉം 1.5 ഉം ശതമാനം അധിക വായ്പാ പരിധി കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണ പാതയിൽ കൊണ്ടുവരുന്നതിന് വേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവ്വഹിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി **2003** ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ ഇപ്പോൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ 2021-22 സാമ്പത്തികവർഷം എടുത്ത തനി വായ്പ തുകയായ 12562.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് 2022-23 മുതൽ ഓരോ വർഷവും 3140.70 കോടി രൂപ വീതം വച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനോടകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിജോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ പ്രസ്തുത നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. ഇതു കൂടാതെ ഈ സ്ഥാപനങ്ങൾ നടപ്പ് വർഷം മുതൽ എടുക്കുന്ന വായ്പയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കേന്ദ്രസർക്കാർ കുറച്ചു കൊണ്ടുവരികയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 22.07.2022-ലെ 134/2022/ എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് ഒരു കത്തും 19-01-2023 ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം ഉൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. |
| (ബി) | കടമെടുപ്പ് വായ്പാപരിധിയിലുണ്ടാകുന്ന മാറ്റം കാരണം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ കുറവ് കേന്ദ്ര നിലപാട് കാരണം ഈ വർഷം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കേന്ദ്രധനകാര്യകമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിക്കുള്ളിൽ |

നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. Fiscal Responsibility and Budget Management (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ പരമാവധി കടമെടുപ്പ് പരിധി 4 ശതമാനമാണ്. ഇതിൽ 0.5% ഊർജ്ജമേഖലയിൽ കൈവരിക്കേണ്ട നേട്ടങ്ങൾക്കുള്ളതാണ്.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജിഎസ്ഡിപിയുടെ 3 ശതമാനം എന്ന വായ്പാപരിധിയ്ക്ക് പുറമേ യഥാക്രമം 2 ഉം 1.5 ഉം ശതമാനം അധിക വായ്പാ പരിധി കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണ പാതയിൽ കൊണ്ടുവരുന്നതിന് വേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവ്വഹിച്ച് വരുന്നത്. ഇതിന്റെ ഭാഗമായി **2003** ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ 2021-22 സാമ്പത്തികവർഷം എടുത്ത തനി വായ്പ തുകയായ 12562.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് 2022-23 മുതൽ ഓരോ വർഷവും 3140.70 കോടി രൂപ വീതം വച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനോടകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിജോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ പ്രസ്തുത നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. ഇതു കൂടാതെ ഈ സ്ഥാപനങ്ങൾ നടപ്പ് വർഷം മുതൽ എടുക്കുന്ന വായ്പയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കേന്ദ്രസർക്കാർ കുറച്ച് കൊണ്ടുവരികയാണ്.

| | | | |
|---|---|---|---|
| | | | ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 22.07.2022-ലെ 134/2022/ എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് ഒരു കത്തും 19-01-2023 ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം ഉൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ